KNSS News Bulletin

House Magazine of Karnataka Nair Service Society

Vol. 16 | Issue No. 7 | 1948 Ashadam - Sravanam | 1201 Mithunam - Karkkidakam | Pages 48 | Price ₹8/- July 2026



KNSS SHIMOGA KARAYOGAM AGT

INVESTITURE

MMET SCHOOL

KNSS VIDYAMANDIR SCHOOL

August 12	August 15	August 17	August 26
കർക്കിടക വാവുബലി	സ്വാതന്ത്ര്യദിനം	ചിങ്ങം 1. 1202 വർഷപിറവി	തിരുവോണം

AyurHealing
AYURVEDA & SIDDHA HOSPITAL

കർണ്ണാടക നായർ സർവ്വീസ് സൊസൈറ്റിയിലെ
എല്ലാ അംഗങ്ങൾക്കും
ഓണാശംസകൾ
നേരുന്നു

EXPERT IN TREATING

BACK PAIN & SPINAL DISORDERS

An effective pain management regimen developed by **Dr. Mini Nair** have relieved thousands of patients suffering severe pain due to Arthritis, Spondylitis, Osteoporosis, Frozen shoulder, Sciatica, Varicose Vain etc.

Dr. Mini Nair
Founder & Chief Physician

Skin Disorder **Diabetes** Rejuvenation Therapies
Beauty Therapies Detoxification **Thyroid**
Kerala Monsoon Therapy **Weight loss** Gynecological Disorders

Appointment: 7411658555

#208, 18th Main, 4th Cross, 6th Block, Near Apollo Cradle Hospital,
Koramangala, Bengaluru - 560 095
E: ayurhealingblr@gmail.com | www.ayurhealing.net

KNSS News Bulletin

July 2026

Contents

Editorial 03
From the Chairman's Desk 04
From the General Secretary 05
Benevolent Fund News 06
MMECT News 07
KNSS Vidyamandir School News 12
Laurels & Accolades 14
Balavedi 14
KNSS Samskarikavedi 15
Sahithyavedi 18
KNSS Karayogam News 19
Mahila Vibhag 35
Youth Wing 41
Vivahakendra 44

Our Well Wishers

AyurHealing 02
Adv. Anushree Menon 18
Indiranagar Executives 2026-2028 23
Brain O Mania 41
Sree Ayyappa Catering Service 41
SAR Legal Solutions 42
K.P. Krishnadas 42
D. Sunil Kumar - Astrologer 42
Adv. Anila Nambiar 42
National Packers & Movers 43
Leaid 43
V.P. Raneesh Poduval 43
Sampoorna Ramayanam 46

Contact Numbers for
KNSS Ambulance & KNSS Helpline

9845943158 / 9448367281
9449444509 / 9448486802

JOIN KNSS

Karnataka Nair Service Society provides leadership for all social and religious rituals.

Contact KNSS Admin. Office (080-23563372)
or Secretary of your Karayogam.
Facebook : www.facebook.com/KNSSBANGALORE

Life Membership: Rs. 550/-

Subscribe to KNSS News Bulletin
THROUGH YOUR KARAYOGAM SECRETARY

Life Time Subscription: ₹ 1000/-

Email : knssnews@gmail.com
website: www.karnatakanair.com

Editorial

പുതുവർഷം, തിരുവോണം, ന്യൂസ് ബുള്ളറ്റിൻ, എം.എം.ഇ.ടി. സ്ഥാപനദിനം

സംഭവബഹുലമായ ഒരു വർഷമാണ്, കൊല്ലവർഷം 1201–ലൂടെ കടന്നുപോയത്. പുതിയ കരയോഗങ്ങളുടെ രൂപീകരണം, നല്ലൊരു ആസ്ഥാനമന്ദിരം, 100% വിജയശതമാനത്തോടെ പറന്നുയർന്നു നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (എം.എം.ഇ.ടി., & വിദ്യാമന്ദിർ) എന്നീ സുപ്രധാന നാഴികക്കല്ലുകൾ കെ.എൻ.എസ്സ്.എസ്സിനു സ്വന്തമായി. കാലയളവിൽ യുവജനസംരംഭങ്ങളായ ജ്വാല സോക്കർ ടൂർണ്ണമെന്റ്, ബാറ്റ്മിന്റൺ ടൂർണമെന്റ്, ഐ.കെ.സി. ക്രിക്കറ്റ് ടൂർണ്ണമെന്റ് എന്നിവയും പ്രശംസനീയമായി നടന്നു. യൂത്ത് വിംഗിന് മുതൽക്കൂട്ടായി 'തേജസ്സ്' ഉപജാതമായി. ഒത്തൊരുമയോടെ, ഏകലക്ഷ്യത്തോടെ, സമവായത്തോടെ തീരുമാനങ്ങളെടുത്തും പദ്ധതികൾ നടപ്പാക്കിയും നമുക്ക് മുന്നേറാം. 1202 എന്ന പുതുവർഷവും സംഭവബഹുലവും നേട്ടങ്ങളുടേതുമാകട്ടെ! ഏവർക്കും പുതുവത്സരാശംസകൾ!

പുതുവത്സരപ്പിറവിയോടൊപ്പം തന്നെ ആഗസ്റ്റ് 16–ാം തീയതി അത്തച്ചമയത്തോടെ തുടങ്ങി, ആഗസ്റ്റ് 26–ാം തീയതി തിരുവോണംവരെയും നീണ്ടു നിൽക്കുന്ന ഓണദിനാഘോഷങ്ങൾ ഏവർക്കും കൂട്ടായ്മയിലൂടെ സന്തോഷവും സംതൃപ്തിയും നൽകുന്നതാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. എല്ലാവർക്കും ഊഷ്മളമായ തിരുവോണാശംസകൾ!

നമ്മുടെ അഭിമാനസ്തംഭമായ എം.എം.ഇ.സി.ടി. (മന്നം മെമ്മോറിയൽ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റ്) സ്ഥാപിതമായി 39 വർഷങ്ങൾ പിന്നിടുകയാണ്. വൻ പ്രതീക്ഷകൾ അർപ്പിച്ച് കെ.എൻ.എസ്സ്.എസ്സ്. 1987–ൽ തുടങ്ങിയ ഈ സംരഭം ഒട്ടേറെ പ്രതിബന്ധങ്ങളെയും വെല്ലുവിളികളെയും തരണംചെയ്ത് ഇന്ന് എം.എം.ഇ.ടി. സ്കൂളും തുടർന്ന് 2006 മുതൽ വിദ്യാമന്ദിർ സ്കൂളുകളുമായി തലയെടുപ്പോടെ തുടരുകയാണ്. അന്നു മുതൽ ഇന്ന് വരെക്കും സ്ഥാപനത്തിനും, വളർച്ചക്കും, പരിപാലനത്തിനും നിസ്വാർത്ഥ സേവനങ്ങൾപ്പിച്ച ഒട്ടനവധി പേരാണ് കെ.എൻ.എസ്സ്.എസ്സിന് ഈ ഖ്യാതി നേടിക്കൊടുത്തതും, നിലനിർത്തുന്നതും. 2026 സെപ്റ്റംബർ 3–ന് സ്ഥാപനദിനം ആഘോഷിക്കുന്ന ഈ വേളയിൽ ഈ മഹദ് വ്യക്തികളെ നാം ബഹുമാനപൂർവ്വം ആദരിക്കുന്നു. മേഘലയിൽ പുരോഗമനത്തിന്റെ പുതിയ മേച്ചിൽപ്പച്ചകൾ തേടി. നമ്മുടെ വിദ്യാഭ്യാസരംഗത്തെ സേവനങ്ങൾ മുന്നോട്ടു പോകട്ടെ! ഏവർക്കും സ്ഥാപനദിനാശംസകൾ!

സാമ്പത്തിക പ്രതിസന്ധികളും വിതരണ പ്രശ്നങ്ങളും (Postal issues) ഏറെയുണ്ടെങ്കിലും കെ.എൻ.എസ്സ്.എസ്സ്. ന്യൂസ് ബുള്ളറ്റിൻ എന്ന വാർത്താവാഹിനി എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കണമെന്നതു തന്നെയാണ് കെ.എൻ.എസ്സ്.എസ്സ്. ഭാരവാഹികളുടെയും അംഗങ്ങളുടെയും പൊതുവായ താൽപര്യം. ഇപ്പോൾ ആജീവനാന്ത വരിക്കാരായുള്ളവരുടെ സംഖ്യ (Number of Lifetime Subscriptions), കെ.എൻ.എസ്സ്.എസ്സിന്റെ ആകെയുള്ള അംഗസംഖ്യ പരിഗണിക്കുമ്പോൾ വളരെ കുറവാണ്. വരിക്കാരെ വർദ്ധിപ്പിച്ചും ഈ മാധ്യമത്തിൽ പരസ്യങ്ങൾ നൽകിയും എല്ലാവരും മുന്നോട്ടു വരുകയാണെങ്കിൽ പ്രതിസന്ധികൾ തരണം ചെയ്യാവുന്നതേയുള്ളൂ. ആയതിലേക്കായി എല്ലാ ഭാരവാഹികളുടേയും ശ്രദ്ധയാർഷിക്കുന്നതോടൊപ്പം, സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

സ്വതന്ത്ര ഇന്ത്യയുടെ 80–ാം സ്വാതന്ത്ര്യദിനം നമുക്ക് സമുചിതമായി പ്രതിജ്ഞകളോടെ ആഘോഷിക്കാം. കൂടാതെ സെപ്റ്റംബർ 2–ന് ആത്മീയാചാര്യൻ, പരമഭട്ടാരക വിദ്യാധിരാജ ശ്രീ ചട്ടമ്പിസ്വാമികളുടെ 174–ാം ജന്മദിനവും ആചാര്യസ്മരണയോടെ ആഘോഷിക്കാം!

എല്ലാ വായനക്കാർക്കും സഹൃദയർക്കും അംഗങ്ങൾക്കും വീണ്ടും തിരുവോണാശംസകളും കൊല്ലവർഷം 1202–ന്റെ പുതുവർഷാശംസകളും, ശ്രീ ചട്ടമ്പിസ്വാമി ജന്മദിനാശംസകളും നേരുന്നു.

–എഡിറ്റർ

Karnataka Nair Service Society, 186/4, 2nd Floor, J.C. Complex, Sheshadripuram, Bangalore - 560 020

From the Chairman's Desk

പ്രിയപ്പെട്ട കെ.എൻ.എസ്സ്.എസ്സ്. കുടുംബാംഗങ്ങളെ,

എല്ലാകരയോഗങ്ങളും വളരെ വിപുലമായ രീതിയിൽ തന്നെ രാമായണ മാസം ആചരിക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷം. ഇക്കഴിഞ്ഞ ജൂലൈ 5–നു ഷിമോഗ കരയോഗത്തിന്റെ കുടുംബസംഗമം വളരെ നല്ല രീതിയിൽ ആഘോഷിച്ചു എന്ന വസ്തുത വളരെ സന്തോഷം നൽകുന്നു. ഇതിനായി പരിശ്രമിച്ച എല്ലാ കരയോഗം അംഗങ്ങൾക്കും, അതുപോലെ തന്നെ അതിന്റെ ഭാരവാഹികൾക്കും എല്ലാവിധ അനുമോദനങ്ങളും നേരുന്നു. ദാസറഹള്ളി കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ യുവ തലമുറയെ ലക്ഷ്യമാക്കി ക്ലാസിക്കൽ ഫ്യൂഷൻ ഡാൻസ് ക്ലാസ് തുടങ്ങി എന്ന വാർത്ത വളരെ സന്തോഷത്തോടുകൂടി മനസ്സിലാക്കി. ജയമഹൽ കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ ഇക്കൊല്ലവും ബ്രെയിൻ ഓ മാനിയ, ഇന്റർ കരയോഗം ക്വിസ് മത്സരം ആഗസ്റ്റ് മാസം 16–നു കരയോഗം ഓഫീസിൽ വെച്ച് നടത്തുന്നതായി അറിഞ്ഞു. വളരെയധി കം സന്തോഷത്തോടെ ഈ മത്സരത്തിന് എല്ലാവിധ ആശംസകളും നേരുന്നു. നമ്മുടെ എല്ലാ കരയോഗങ്ങളിൽ നിന്നുമുള്ള കുട്ടികളും മുതിർന്നവരും ഈ മത്സരത്തിൽ പങ്കുചേരണമെന്നു ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

സമൂഹത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്നതും, കൂടാതെ ഉറ്റവരാരും തന്നെ ഇല്ലാതെ ജീവിതം കഴിച്ചുകൂട്ടുന്നതുമായ ആളുകൾ പാർക്കുന്ന വിവിധ ആശ്രമങ്ങളിൽ നമ്മുടെ പല കരയോഗങ്ങളും വി ശേഷ ദിവസങ്ങളിൽ അവർക്കാവശ്യമായ ഭക്ഷണം, വസ്ത്രം, മറ്റാവശ്യ സാധനങ്ങൾ തുടങ്ങിയവ എത്തിച്ചു നൽകുകയും അവരോടൊപ്പം സമയം പങ്കിടുകയും ചെയ്യുന്നുണ്ട് എന്നറിയാൻ കഴിഞ്ഞു. നമ്മുടെ കുടുംബാംഗങ്ങളുടെ ഈ ഒരു സന്മനസ്സിനു എത്രതന്നെ നന്ദി പറഞ്ഞാലും മതിയാവില്ല. നമ്മുടെ പല കരയോഗങ്ങളും ഇത്തരത്തി ലുള്ള ജീവകാരുണ്യ പ്രവർത്തനം തുടർച്ചയായി നടത്തുന്നു എന്ന വസ്തുത നമ്മുടെ സംഘടനക്ക് വളരെയധികം അഭിമാനിക്കാവുന്ന ഒന്നാണ്.

നമ്മുടെ കരയോഗങ്ങളുടെ അടുത്ത രണ്ടു വർഷ കാലയളവി ലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ട സമയമാണിത്. പല കരയോഗങ്ങളും അവരുടെ വാർഷിക പൊതുയോഗം നടത്തി ഒപ്പം തന്നെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു കഴിഞ്ഞു. സമുദായാചാര്യന്റെ ആദർശങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അടുത്ത രണ്ടു വർഷം കരയോഗത്തിന്റെ സുഗമമായ നടത്തി പ്പിനായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ കരയോഗം ഭാരവാഹികൾക്കും ആശംസകൾ നേരുന്നു. ഒപ്പം പ്രാർത്ഥനയും. ഇനിയും ചില കരയോഗങ്ങൾ വാർഷിക പൊതുയോഗം നടത്തേണ്ടതായിട്ടുണ്ട്. ഇതിനുള്ള സമയ പരിധി ജൂലൈ 31 ആണെന്ന വസ്തുത ഒരിക്കൽക്കൂടി ഓർമ്മപ്പിക്കുകയാണ്.

നമ്മുടെ ആശയ വിനിമയത്തിനായി രൂപം കൊടുത്തിരിക്കുന്ന ന്യൂസ് ബുള്ളറ്റിൻ പതിവുപോലെ തയ്യാറാകുന്നു. ഈ സംരംഭത്തിന്റെ നി ലനിൽപ്പിനായി വാണിജ്യ പരസ്യങ്ങൾ അത്യന്താപേക്ഷിതമാണെന്ന വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ. എല്ലാ കരയോഗം ഭാരവാഹി കളും അവരവരുടെ വ്യവസായ – വ്യക്തി ബന്ധങ്ങൾ വഴി എല്ലാ മാസവും കുറഞ്ഞത് ഒരുപേജ് പരസ്യത്തിനു വേണ്ടി പരിശ്രമിച്ചു യാഥാർഥ്യമാക്കി യാൽ നമ്മുടെ ന്യൂസ് ബുള്ളറ്റിൻ അത്യുന്നത നിലവാരത്തിലേക്കുയർത്തി നിങ്ങളുടെ വീടുകളിൽ എത്തിക്കുവാൻ സാധിക്കും എന്ന വസ്തുത ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഒപ്പം സഹകരണവും പ്രതീ ക്ഷിക്കുന്നു.

കർക്കിടക വാവുബലി പിതൃതർപ്പണം ഇക്കൊല്ലവും പതിവുപോലെ അൾസൂർ തടാക പരിസരത്തിൽ നടത്തപ്പെടുകയാണ്. ഇതിലേക്കായുള്ള കൂപ്പൺ തയ്യാറായിക്കഴിഞ്ഞു. കരയോഗം സെക്രട്ടറിയുമായോ ബോർഡ് ഓഫീസുമായോ ബന്ധപെട്ടു ആവശ്യാനുസരണം കൂപ്പൺ വാങ്ങാവുന്നതാണ്. കൂടാതെ അന്നേ ദിവസം പിതൃതർപ്പണ വേദിയി ലും കൂപ്പണുകൾ ലഭ്യമാവുന്നതാണ്. ബഹുമാനപെട്ട എല്ലാ കരയോഗം അംഗങ്ങളും കെ.എൻ.എസ്സ്.എസ്സ്. ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ.

ഏവർക്കും ഭക്തി നിർഭരമായ രാമായണ മാസ, തിരുവോണ ആശംസകൾ!

നിങ്ങളുടെ സ്വന്തം,

ആർ. മനോഹര കുറുപ്പ്
ചെയർമാൻ
Ph: 9448486802

From the Gen. Secretary

പ്രിയ കുടുംബാംഗങ്ങളെ,

ആഗസ്റ്റ് 17–ാം തീയതി ചിങ്ങമാസപ്പിറവിയും, പുതുവത്സരവും വന്നെത്തുകയാണ്. കഴിഞ്ഞ ഒരു മാസമായി രാമായണപാരായണവും, പൂജകളും, ക്ഷേത്രദർശനങ്ങളുമായി പുണ്യമാസാചരണത്തിൽ വ്യാപൃതരായിരുന്ന മഹിളാ വിഭാഗങ്ങളും കരയോഗാംഗങ്ങളും, ചിങ്ങപ്പിറവിയോടെ തിരുവോണത്തെയും മഹാബലിയേയും വരവേൽക്കുന്ന വ്യഗ്രതയിലും ആവേശത്തിലുമാണ്. ആഗസ്റ്റ് മാസം 26–ാം തീയതി വന്നെത്തുന്ന ഓണം പുതുവസ്ത്രമോടിയിലും, പൂക്കള സംരംഭങ്ങളിലും, കൈകൊട്ടിക്കളികളുമായി ഏവരും ചേർന്ന് ആഘോഷിക്കാം. ഈ പുതുവർഷം കെ.എൻ.എസ്സ്.എസ്സിനും കുടുംബാംഗങ്ങൾക്കും പോഷകസംഘടനകൾക്കും ശോഭനപൂർണ്ണവും ശ്രേയൽക്കരവുമാകട്ടെ! ഏവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

ജൂലായ് 5–ാം തീയതി നടന്ന ഷിമോഗ കരയോഗത്തിന്റെ കുടുംബസംഗമം വലിയൊരാഘോഷമായി. ഒരുപക്ഷെ കെ.എൻ.എസ്സ്.എസ്സ്. കരയോഗങ്ങളുടെ ഈ കാലയളവിലെ (2025–26) ഒടുവിലത്തെ കുടുംബസംഗമമാകാം ഷിമോഗയുടേത്. ആദിചുംചനഗിരി മഠസ്വാമിജി ശ്രീശ്രീശ്രീ പ്രസന്നനാഥ സ്വാമിയുടെ അനുഗ്രഹാശിസ്സുകളോടെ നടന്ന സംഗമം, കെ.എൻ.എസ്സ്.എസ്സിന്റെ വലിയൊരു നേതൃനിരയോടെ സമ്പുഷ്ടമായി. സ്ഥാപകപ്രസിഡണ്ട് ശ്രീ.വി.കെ. ഗോവിന്ദൻ മാസ്റ്റർ, കരയോഗം ബോർഡ് മെമ്പറും കെ.എൻ.എസ്സ്.എസ്സ്. വൈസ് ചെയർമാനുമായ ശ്രീ. എൻ.ഡി. സതീഷ് എന്നിവരൊപ്പം കരയോഗ നേതാക്കളുടെയും, മഹിളാവിഭാഗത്തിന്റെയും യൂത്ത് വിംഗിന്റെയും ആതിഥേയത്വം ആഹ്ലാദകരമായി. ഏവർക്കും അഭിനന്ദനങ്ങൾ! അടുത്ത ഭാവിയിൽത്തന്നെ ഷിമോഗക്ക് സ്വന്തമായ ഒരു കരയോഗമന്ദിരമുണ്ടാവട്ടെ എന്നാശംസിക്കുന്നു.

ചില പരിമിതികളും പ്രതിബന്ധങ്ങളും പ്രതീക്ഷിച്ചിരുന്നുവെങ്കിലും ഈ വർഷത്തെ വാവുബലിയും പതിവുപോലെ നടത്താൻ കഴിയുമെന്നത് ഒരനുഗ്രഹമായി കണക്കാക്കാം! പാലക്കാട്ട് മാത്തൂർ മന, ശ്രീ ജയറാം തിരുമേനിയുടെ കാർമ്മികത്വത്തിൽ 2026 ആഗസ്റ്റ് 12–ാം തീയതി രാവിലെ 3 മണി മുതൽ 10 മണിവരെക്കും, ബാംഗ്ളൂർ ഹലസൂർ തടാക പരിസരത്ത്, കല്ല്യണാണിക്കുളക്കരയിൽ വാവുബലി നടത്താനുള്ള ഏർപ്പാടുകൾ കെ.എൻ.എസ്സ്.എസ്സ്. ചെയ്തിട്ടുണ്ട്. പോയവർഷങ്ങളിൽ നിന്നുപരിയായി ജനപങ്കാളിത്തം പ്രതീക്ഷിക്കുന്നുമുണ്ട്. പിതൃതർപ്പണമർപ്പിച്ച് ആത്മസംതൃപ്തിയും പിതൃപ്രീതിയും എല്ലാവർക്കും ലഭിക്കട്ടെഎന്ന് പ്രാർത്ഥിക്കുന്നു. ബൊമ്മനഹള്ളി, മംഗലാപുരം, മൈസൂർ, ഷിമോഗ, ബല്ലാരി കരയോഗങ്ങളിൽ അന്നേ ദിവസം നടത്തുന്ന വാവുബലി സേവനത്തിനും വിജയാശംസകൾ!

കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചപോലെ, കെ.എൻ.എസ്സ്.എസ്സിന്റെ 45–ാം കരയോഗമായ 'ഹൊസക്കോട്ടെ' കരയോഗം ഉൽഘാടനത്തിനുള്ള നടപടികളെല്ലാം പൂർത്തിയായിരിക്കുകയാണ്. ചിങ്ങമാസപ്പിറവിയോടെയോ, അതിനു മുമ്പുതന്നെയോ നടക്കുന്ന ഉൽഘാടന പരിപാടികളിൽ പങ്കെടുക്കാൻ നമുക്കെല്ലാം കാത്തിരിക്കാം!

കെ.എൻ.എസ്സ്.എസ്സിന്റെ 'Flagship' പോഷക സംഘടനയായ എം.എം.ഇ.സി.ടി. സ്ഥാപിതമായി 39 വർഷം പിന്നിടുകയാണ്. 1987 മുതൽ വിദ്യാഭ്യാസരംഗത്ത് നിറസ്സാന്നിദ്ധ്യമായ എം.എം.ഇ.ടി. സ്കൂളും, പിന്നീട് 2006–ൽ സ്ഥാപിതമായ വിദ്യാമന്ദിർ സ്കൂളും കെ.എൻ.എസ്സ്.എസ്സിന്റെ അഭിമാനവും പോഷക സ്ഥാപനങ്ങളുമായി സേവനം കാഴ്ചവെക്കുന്നു. 2026 സെപ്റ്റംബർ 3–നാണ് എം.എം.ഇ.ടി. സ്ഥാപനദിനം. ഇതിന്റെ സ്ഥാപനത്തിലും പുരോഗതിയിലും നടത്തിപ്പിലും നിസ്വാർത്ഥ സേവനങ്ങൾ നൽകിയവരെ സ്മരിച്ചും ആദരിച്ചും പുതിയ സേവന മേഖലകൾ ആരാഞ്ഞും നമുക്ക് സ്ഥാപനദിനം സമുചിതമായും അർത്ഥവത്തായും ആഘോഷിക്കാം. ട്രസ്റ്റിനും സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും സ്ഥാപനദിനാശംസകൾ നേരുന്നു.

ജൂലായ് മാസവസാനത്തോടെ കരയോഗങ്ങളുടെ വാർഷികപൊതുയോഗങ്ങളും ഭരണസമിതി രൂപീകരണവും സൌഹാർദ്ദാന്തരീക്ഷത്തിൽ സമവായത്തോടെ നടന്നത് ഏറെ സന്തോഷപൂർവ്വവും പ്രശംസനീയവുമായി. തുടർന്ന്, കെ.എൻ.എസ്സ്.എസ്സിന്റെ കരയോഗം ഭാരവാഹികളെല്ലാം ചേർന്ന് നടത്തുന്ന ജനറൽ കൌൺസിൽ യോഗവും, ഉന്നതപദവികളിലേക്കുള്ള ഭരണസമിതി രൂപീകരണവും (KNSS Board Office Bearers) സമവായത്തോടെയും സുഗമമായും മത്സരങ്ങൾ കൂടാതെ നടക്കുമെന്നാശിക്കുന്നു. ഇത് നമ്മുടെ സൌഹൃദത്തിന്റെയും കൂട്ടായ്മയുടെയും ഒരു ഉത്തമ ഉദാഹരണമാകട്ടെ!

ഭാരതം സ്വാതന്ത്ര്യം കൈവരിച്ച് 79 വർഷങ്ങൾ പിന്നിടുകയാണ് എന്നത് ഏതൊരു ഭാരതീയനും അഭിമാനമുളവാക്കുന്നതാണ്. ജനാധിപത്യാധിഷ്ഠിതമായ ഭരണത്തിന്റെ വിജയത്തിൽ ലോകം തന്നെ ഉറ്റുനോക്കുന്ന രാജ്യമാണ് ഇന്ത്യ. 80–ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ സുദിനത്തിൽ (ആഗസ്റ്റ് 15, 2026), സമത്വത്തിനും, മനുഷ്യാവകാശത്തിനും, സാഹോദര്യത്തിനും, ലോകസമാധാനത്തിനുതന്നെയും തന്നാലാവുന്നത് ചെയ്യുമെന്ന ദൃഢപ്രതിജ്ഞയോടെ സ്വാതന്ത്ര്യദിനം നമുക്കാഘോഷിക്കാം! ഏവർക്കും സ്വാതന്ത്ര്യദിനാശംസകൾ!

ആത്മീയാചാര്യൻ, ശ്രീ ചട്ടമ്പിസ്വാമിയുടെ ജന്മദിനാശംസകളോടെയും, പുതുവത്സരാശംസകളോടെയും, വീണ്ടും ഓണാശംസകളോടെയും,

സസ്നേഹം,

ടി.വി. നാരായണൻ
ജനറൽ സെക്രട്ടറി
Ph: 9886786515

KNSS Events KNSS Board and Karayogams	
9th Aug 2026	Mahila Vibhag Sampoorna Ramayanam
12th Aug 2026	Karkkidaka Vavubali
16th Aug 2026	'Brain O Mania, Quiz - Jayamahal 'KIZORA'

KNSS BENEVOLENT FUND NEWS

Membership: 11 Members had taken life membership during June, 2026, taking the total membership of Benevolent Fund to **7838.**

List of Members enrolled during June, 2026 are as follows:

Mem#	Name	Mem#	Name
YELAHANKA		**BABASHANKARI**	
7828	Dileep Surendran	7833	Sunil Prabhakaran
	JAYANAGAR	7834	Shalini Suresh
7829	Premkumar Ramachandran Nambiar	**SHIMOGA**	
MATHIKERE		7835	K Muralidharan Nair
7830	Prabhakar Menon T.K	7836	Vijayalakshmi
7831	Radhamma K	7837	Pramod V.P
7832	Gayathri M	7838	Krishna V. Nair

Benevolent Fund welcomes the new members and think their Karayogams for promoting the Service front of KNSS. Let us continue to march forward towards 100% enrolment of KNSS members in Benevolent Fund.

Donations during the month of June, 2026

Sri Biju Nair – Mysore Karayogam	Rs. 1000/-
Sri Vijayan – Rajajinagar Karayogam	Rs. 300/-

We thank the donors and request all members well-wishers to donate liberally, to improve our Corpus Fund and make the Financial Assistance to the needy more meaningful.

Sri G.K. Kurup	**Sri Rakesh C.**	**C.R. Raghunathan Nair**
President	Secretary	Treasurer
9880184310	9611109350	9868210690

HAPPY ONAM

KNSS Benevolent Fund Committee wish all members and well wishers a Happy Onam 2026.

AN APPEAL

- Become a Lifetime Member of KNSS Benevolent Fund.
- Karayogam Presidents and Secretaries are requested to enroll more members in Benevolent Fund. At least 3 members per month may be enrolled
- Our aim - 100% enrolment of all KNSS members in B/F.
- Contact Karayogam Secretaries/Benevolent Fund Committee members for details.
- Lifetime membership **Rs. 1000/-**

കർക്കിടക വാവുബലി – ആഗസ്റ്റ് 12–ന്

മുൻവർഷങ്ങളിലെന്നപോലെ, ഈ വർഷവും കർക്കിടക വാവുബലി തർപ്പണത്തിന് കെ.എൻ.എസ്സ്.എസ്സ്. നേതൃത്വം നൽകുന്നതും എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതും ആയിരിക്കും. ബാംഗ്ലൂർ ഹൽസൂർ ടാങ്കിനോടു ചേർന്ന 'കല്ല്യാണിക്കുള' പരിസരത്തു തന്നെയാണ് സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത്. പാലക്കാട് മാത്തൂർമന ശ്രീ ജയറാം ശർമ്മ തിരുമേനിയുടെ കാർമ്മികത്വത്തിൽ ആഗസ്റ്റ് 12–ാം തീയതി കാലത്ത് 3 മണിക്ക് ഗണപതിഹോമത്തോടെ തുടങ്ങി, 10 മണിവരെക്കും ബലിതർപ്പണം നടക്കും. തർപ്പണത്തിനാവശ്യമായ സാമഗ്രികളും സൗകര്യങ്ങളും തൽസ്ഥലത്തു തന്നെ ഒരുക്കിയിട്ടുണ്ട്. സേവനസന്നദ്ധരായ അംഗങ്ങളും, മഹിളാവിഭാഗങ്ങളും യൂത്ത്‌വിങ്ങ് അംഗങ്ങളും സേവനങ്ങൾ നൽകുന്നതാണ്. തർപ്പണത്തിനുശേഷം പ്രാതലും ഒരുക്കിയിട്ടുണ്ട്. ബൊമ്മനഹള്ളിയിലും, മൈസൂർ, മംഗലാപുരം, ഷിമോഗ, ബല്ലാരി, കരയോഗങ്ങളിലും വാവുബലി സൗകര്യങ്ങൾ അതതു കരയോഗങ്ങൾ ഒരുക്കിയിട്ടുണ്ട്. വിശേഷമായ പിതൃബലി നടത്തി ഏവർക്കും പിതൃപ്രീതിയും, തൃപ്തിയും, സമാധാനവും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. വിശദവിവരങ്ങൾ ശേഷാദ്രിപുരം അഡ്മിൻ ആഫീസിൽ നിന്നും ലഭിക്കുന്നതാണ്. ടിക്കറ്റുകൾ (കൂപ്പണുകൾ), അഡ്മിൻ ആഫീസിൽ നിന്നോ, ബലിസ്ഥലത്തോ, കരയോഗങ്ങൾ മുഖേനയോ ലഭിക്കുന്നതാണ്. **(ഫോൺ: 080–23563372).**

ആർ. മനോഹരക്കുറുപ്പ്	**ടി.വി. നാരായണൻ**	**എം.പി. പ്രദീപൻ**
ചെയർമാൻ–കെ.എൻ.എസ്സ്.എസ്സ്.	**ജനറൽ സെക്രട്ടറി**	**ജോയിന്റ് ട്രഷറർ**
ഫോൺ: 94484 86802	**ഫോൺ: 9886786515**	**ഫോൺ: 9880241228**

MMECT NEWS

Monthly Trust Meeting was held on 27th June 2026 at MMET School. Sri. R Mohan Das, President MMECT presided over the meeting. All the Trustees gathered in front of Mannam statue. After lighting the lamp, pushparchana was offered to Achanryan Bharathakesari Mannath Padmanabhan by all the trustees.

Fresher's Day: MMET school joyfully hosted the Fresher's day celebration on 03.06.2026 to welcome new students in a friendly atmosphere and to boost their confidence. Chief Guest Sri. R. Mohan Das, President MMECT, Sri. Muralidhar Nair, Secretary, Sri. Raghunathan Pillai, Joint Secretary, Sri. B. Satheesh Kumar, Treasurer, Mrs. Shakila Rani, Principal MMET, and Mrs. Joicy A.L, Head Mistress graced the occasion. Mrs Joicy A.L. HM, proposed the welcome speech. Chief Guest Sri. R Mohan Das inaugurated the programme by lighting the lamp along with the other dignitaries and addressed the gathering. Secretary Sri. Muralidhar Nair and Principal Mrs. Shakila Rani addressed the gathering. A presentation showcasing the students' academic, sports and cultural achievements of students during the academic year 2025-26 was displayed on the screen. The programme concluded with a vote of thanks by Kum. Kushvitha from I Std. followed by the National Anthem & Sweet distribution.

World Environment Day was celebrated with great enthusiasm on 5th June 2026 to create awareness about environmental protection. Eco club members highlighted the importance of protecting nature, conserving water, planting trees, and reducing plastic usage. Students participated in poster making, drawing, slogan writing, and speeches based on the theme of environmental conservation.

The thoughtful initiative of presenting saplings to the students by M/s. Joyalukkas made the day more special and inspired the students to care for our planet.

The student's council election was held on 05.06.26 highlighting the democratic values. Students from classes V to X exercised their right to vote to elect their eligible candidates through a fair and democratic election process.

The nomination process for the Kannada, Hindi and Electoral literacy club was held on 6th June 2026.

On 08.06.26 students were nominated for English Literature club, Science club and Maths club. Eco and Health club students were nominated on 09.06.26. All these clubs aimed to encourage active participation and nurture creativity and critical thinking among students.

The **scouts and guides** of class IX and X std. had taken part in the Tritiya Sopan, district camp organised by the District Association at Dr. Annie Beasant training centre, Doddaballapura from 08.06.26 to 11.06.26. A total of 9 Scouts and 11 Guides took part. This was the golden opportunity for the students through which they showcased their talents, learnt new skills and proved their best in the camp. Among 600 scouts and guides, Ganpat Kumar of X std. a scouts boy of our school was placed on 9th rank and made our school proud.

A Social worker from Kammanahalli visited the school on 09.06.2026 and distributed 2 Long Note Books and a pencil set to each student from I to V Std Students.

An awareness programme on the prevention of cervical cancer and the importance of HPV vaccination for girls aged (14-15 yrs) was conducted on 12.06.26 by Dr. Yalgavi from Lingarajapuram city Primary Health Centre. On 17.06.26, 4 girls from IX std. were vaccinated.

The investiture ceremony was conducted on 15.06.26. The newly elected student's council members were formally invested with badges and sashes by our President Sri R Mohan Das, Secretary Sri Muralidhar Nair, Jt. Secretary Sri Raghunanthan Pillai and Principal Mrs. Shakila Rani. The principal administered the oath of office and the council members solemnly pledged to discharge their duties with sincerity, discipline and dedication. The ceremony marked the beginning of their leadership journey.

The academic toppers of the year 2025 - 26 were felicitated for their outstanding academic achievements on 15.06.26. Their hard work, determination, commitment and excellence served as an inspiration to all students to pursue their goals.

Green Colour Day was celebrated by Pre-Primary students on 19.06.2026 with great enthusiasm to create awareness about the importance of nature and the environment. The students and teachers came dressed in green attire, making the campus look vibrant and lively. The programme included activities such as leaf printing, colouring, craft work, based on the theme of nature.

International Yoga day was observed on 20.06.26 with great enthusiasm. Students participated in mass yoga session, performing various asanas and breathing exercises. The programme highlighted the importance of yoga in maintaining physical fitness and mental wellbeing concentration and a healthy life style. The celebration encouraged everyone to practice yoga as a part of their daily life.

English Essay competition was conducted on 27.06.26 to encourage students to expresstheir writing skills. Students from VIII to X std. enthusiastically participated showcasing their imagination, language, proficiency and critical thinking. Inter-House Drawing Competition for the Primary Section was conducted on 27.06.2026.

On account of **"International Day against drug Abuse and Illicit Trafficking** event, the State Government of Karnataka Organised an awareness programme at Kanteerava Stadium on 30th June 2026. It was instructed by the Chief Minister of Karnataka Mr. D. K. Shiva Kumar to telecast the live program to all schools and colleges. Police from Banaswadi telecasted the live show to MMET students to create an awareness against the use of drugs.

Investiture Ceremony

Our School Investiture ceremony was held with great dignity and enthusiasm on June 15th 2026. The event started with the formal introduction of the newly elected and appointed students' leaders, whom were entrusted with authority and responsibility. The ceremony marked a significant milestone, transitioning student into role model committed to upholding the school's value of discipline, leadership and integrity.

The ceremony commenced with a march past by the newly elected student leaders, led by the School Captain, dressed in pristine uniform and carrying their respective house flags, the leaders marched in perfect unison, symbolizing unity and strength.

The programme began with the invocation song followed by the ceremonial lighting of the lamp by the chief Guest Sri. R Mohan Das President, Sri. Muralidhar Nair Secretary, Jt. Secretary Sri.R. Raghunanthan Pillai and other dignitaries.

The newly elected student council members including the School captain, vice captains, Sports captain, vice captain, House captains, vice captains, deputy captains and other office bearers were formally invested with badge and sashes.

The Oath of office was administered by Principal and all the elected leaders pledged to uphold the values of discipline, responsibility, honesty and service. The chief Guest addressed the gathering and inspired the student leaders to lead by example and fulfil their duties with sincerity and dedication.

The ceremony concluded with vote of thanks and the National Anthem. It was a memorable event that marked the beginning and new chapter of student leadership for the academic year 2026 -27 in our school. On behalf of the student council, I sincerely thank our Management, principal, teachers and all the students for making this event a grand success.

Ganpat Kumar
X B
School Captain
MMET School

World Environment Day

MMET School celebrated World Environment Day on 5th June with great enthusiasm. The Programme was organized based on the theme "Climate Action" to create awareness about climate change and encourage students to protect the environment and maintain ecological balance through responsible actions.

The Programme began with a welcome address, followed by a speech by Nitish Oli of IX B and he highlighted the importance of conserving natural resources and taking steps to protect the environment. Power point presentation was displayed on the projector about the climate change which made it easy for us to understand causes and effects of climate changes. Hari Teja of X A explained about the measures to reduce the impact of climate change. Monishka of class VI B spoke about the precautions to be taken today to save earth for future generations. Her speech encouraged everyone to adopt eco-friendly habits in their daily life style.

A special highlight of the programme was the seed ball making demonstration and it showed an effective way of promoting greenery and environmental conservation. The programme also included a video on global warming which created an awareness about one of the major environmental challenges faced by the world today.

A poster making competition was conducted for the upper primary students. The winners were given eco-friendly seed pencils as prizes, encouraging them to care for nature in a creative and meaningful way.

In conclusion it was an informative and inspiring event. It motivated students to become conscious about environment and contribute towards greener and healthier future. It was a successful programme in spreading awareness and motivating everyone to take responsibility for preserving nature for future generations.

Lakshith A
IX B
English Club Patron
MMET School

KNSS VIDYAMANDIR SCHOOL NEWS

Tiny tots with their parents were warmly welcomed to our premises and we celebrated **Fresher's Day** on first June. MMECT Secretary Shri.Muarlidhar Nair, Treasurer Shri. B. Satheesh Kumar and Jt. Secretary. Shri Raghunathan Pillai graced the occasion. The program commenced with the traditional lighting lamp by chief guest. Children, teachers and parents all enthusiastically participated in the event.

World Environment Day was celebrated on June 5th on our school premises, students delivered inspiring speeches on environmental conservation and keeping our city green. To mark the occasion, teachers and students actively participated in planting saplings across the campus.

International Yoga Day was celebrated on 20th June. Students and children learned about the immense benefits of yoga. They practiced several asanas with great energy and enthusiasm on the school premises.

The **Students Council Election 2026-27** were conducted on 27th June with eligible candidates contesting for various post.

Donation and Financial Assistance: Total donations received from various sources for the help of deserving students of MMET and Vidyamandir from 1 April to 31 May 2026 is **Rs. 1,47,680/-.** Donations received from 01 June 2026 onwards are given below:

S. No	Name of the Donor	Students	Amount
1	Murthy G	Sai Charan - IX B	15000
2	Venugopal	Mahadevappa Ganiger - V	11450
3	Suresh Kumar	Sarah J - VII A	12050
4	Suresh Kumar	Punith S - IV B	6700
5	A well-wisher	M Md. Tanseer - VI A	15000
6	Mithra	Mithra - VI A	2150
7	Mariam	Advaith J - III A	10000
8	SGBS Trust	S Angel - V A	3000
9	SGBS Trust	S Leena - VII A	3000
10	Have A Heart Foundation	Vinod K -X A	4000
11	Prasad E	Sanvika D - II A	10700
12	Rajendran	Vaishnavi R - VII B	15000
13	A well-wisher	Varun - IX B	520
14	A well-wisher	Priscilla V - VIII B	1320
15	Shashikanth Karkera	Shivani R - VIII A	37760
16	Shashikanth Karkera	Vaishnavi R - VII B	2150
17	KNSS MS Nagar Karayogam (Mahila Vibhagam)	Sachin K M - II B	22550
18	Mohanasundaram	Theethika - IIIB	13870
19	Mr. Nadeem (Ex student -MMET)	Md. Rihan - V A	5300
20	Mr. Nadeem (Ex student -MMET)	P Sumanth - VII B	7550
		Total	**199070**

Total donation received for the current financial year 2026-27, from 1 April to 30 June 2026 is Rs 3,46,750/- We thank all the donors.

An Appeal to Members and Well wishers

KNSS is a socially committed organization and the schools are having a number of bright students with poor economic background. They need a helping hand from the kindhearted members of KNSS and other well-wishers. Sponsoring a child's annual School fee fully or partially will be a great help for those deserving students. Please contact MMET or Vidyamandir administration for details:

Contact Nos. **MMET School:** 080 25450522; 9986319404

KNSS Vidyamandir: 8762385433; 9480137919

Study Expenses for 2026-27 are as follows: (Donation in part are also welcome)

S No	Section	MMET School	Vidyamandir
1	Primary	Rs. 35,300 /-	Rs. 31,600 /-
2	High School	Rs. 36,500/-	Rs. 32,200 /-

Muralidhar Nair
Secretary
Ph: 9342854850

K. Raghunathan Pillai
Jt. Secretary
Ph: 9449709292

KNSS News cut off date - 14th August 2026

Please mark 14th August 2026 as the last date to send/receive the news, photos, laurels, birthday photos, articles, etc. for KNSS News Bullettin. Help us to ensure that your Karayogam news etc. find place in the ensuing issue.

- Team Editorial Board
KNSS News Bulletin

Laurels & Accolades

Congratulations

M.S. NAGAR

Malavika
MSc, Clinical Psychology, D/o Sri.Balakrishnan and Mrs. Malini Balakrishnan

Meera Manoj
MSc, Clinical Psychology. D/o. Mrs. Geetha Manoj (Secretary Janani Mahila Vibhag) and Sri. Manoj Kumar

DOORAVANI NAGAR

Monjith
Youth Wing Dooravaninagar
Won Silver Medal in 79th Senior National Water Polo Championship held at Chennai

DASARAHALLI

Adhira S
B.Com, CA - 95.8 %
D/o. M. P Saseendran and Adv. Priya K Nair

M.S. NAGAR

Nikhitha Jithesh
BA, LLB, (Ramaiah College). D/o. Mr. Jithesh Balasubramanyam and Mrs. Babitha Jithesh

Adithi N Das
SSLC - 96%. MMET School Topper in SSLC 2026. D/o. Mrs. & Mr. Narayan Das

SADASHIVANAGAR

Gokul Girish
S/o Sri Girish Gopinath and Smt. Mridula Girish, got commissioned in Indian Air Force and Joined as Flying Officer.

M.S. NAGAR

Nandana K. Nair
MSc, Child & Adolescence Psychology - 94.4%. She is daughter of Sri. D Krishna Kumar, KNSS PRO & Mrs. Maya Krishna Kumar, and Secretary, 'Yuva' Youth Wing, M S Nagar Karayogam.

ബാലവേദി

Sriansh

DOB: 02 Jul 21

S/o. Sreejith & Smt. Smrithi Venugopalan

(G/S/O CN Venugopalan, Board Member, Dasarahalli Karayogam)

Happy Birthday

ആദരാഞ്ജലികൾ

ശ്രീമതി എസ്. ജാനകി

മലയാളം, കന്നഡ, തമിഴ്, തെലുഗ് ഭാഷകളിലും മറ്റിതര ഭാഷകളിലുമായി 47000–ത്തിൽപ്പരം ഗാനങ്ങൾ ആലപിച്ചു. ആസ്വാദകരുടെ ആരാധനാപാത്രമായ ശ്രീമതി ജാനകിഅമ്മ, 88–ാം വയസ്സിൽ, 2026 ജൂലായ് 11–ന് മൈസൂരിൽ അന്തരിച്ചു. കഴിഞ്ഞ 60 വർഷങ്ങളിലേറെയായി സിനിമാ, റേഡിയോ, ടി.വി. രംഗങ്ങളിൽ നിറസ്സാന്നിദ്ധ്യമായിരുന്ന 'വാനമ്പാടി'ക്ക് കെ.എൻ. എസ്സ്.എസ്സിന്റെ ആദരാഞ്ജലികൾ.

1st Prize Winning Malayalam Short Story in the literary Competitions conducted by Samskarika Vedi (2025-26)

Sathish Thottassery
Vijayanagar Karayogam

നിസ്സഹായരുടെ സുവിശേഷം

(ചെറുകഥ – വിഷയം: അച്ഛൻ)

വീശിയടിക്കുന്ന കാറ്റിനൊപ്പം കർക്കിടക മഴ മലയിറങ്ങി വന്നപ്പോൾ മായപ്പന്റെ ചിന്തകൾ ഒരാവശ്യവുമില്ലാതെ കാടുകയറാൻ തുടങ്ങി. അത് അങ്ങിനെയാണ്. വീട്ടിലെ പെണ്ണുങ്ങൾ പുറം പണികൾക്ക് പോകുമ്പോഴെല്ലാം മായപ്പൻ ഒറ്റക്കാകും. അതികാലത്ത് തളപ്പും ചേറ്റുകത്തിയും മുട്ടിപ്പാനിയും തൂക്കി ഇറങ്ങിയാൽ രണ്ടോ മൂന്നോ പന കേറി ചെത്തിയിറക്കി ഷാപ്പിൽ കൊടുത്ത് പത്തുമണിക്കു മുമ്പേ വീടെത്തും. മഴ നിൽക്കാതെ പെയ്യുന്നതിനാൽ ഒരാഴ്ചയിലേറെയായി വീട്ടിൽ ചടഞ്ഞുകൂടിയിരിപ്പാണ്. വേറെ ക്രിയാത്മകമായി ഒന്നും ചെയ്യാനില്ലാത്തതിനാലാകാം ചിന്തകൾ കാടുകയറുന്നത്. വണ്ടുകളെ പോലെ മൂളിവന്ന് തന്റെ തലച്ചോറിൽ കലമ്പുന്ന ചിന്തകളെ ആട്ടിപ്പായിക്കാൻ ആവുന്നതും നോക്കി പരാജയപ്പെടാറാണ് പതിവ്. ഒരു കുഞ്ഞിക്കാലു കാണാൻ യോഗമില്ലെന്ന് പൊതുവെ പറയാറുണ്ട്. എന്നാൽ മായപ്പന്റെ സങ്കടം അയാൾ കണ്ട നാലു കുഞ്ഞിക്കാലുകളിൽ ഒരു ജോടിയെങ്കിലും ഈ മുറ്റത്ത് ഓടിക്കളിക്കാൻ ദൈവം സമ്മതിച്ചില്ലല്ലോ എന്നാണ്. ഒന്നിനു പുറകെ ഒന്നായി രണ്ട് ആൺകുഞ്ഞുങ്ങൾ പിറന്നെങ്കിലും തന്നെ ഒരു വട്ടമെങ്കിലും ''അപ്പാ''ന്നു വിളിക്കാതെ രണ്ടും ആറു മാസം പോലും ഈ ഭൂമിയിൽ തികച്ച് നിൽക്കാതെ ദൈവവിളിയിൽ മേലോട്ട് പോയി.

എന്തുകൊണ്ടാണ് രണ്ട് കണ്മണികളും പിച്ച വെച്ചു നടക്കുന്നതിനു മുമ്പ് ഇവിടം വിട്ടു പോയത്? അവരെ ഇവിടെ നിന്നും കൊണ്ടുപോകുന്നതിൽ ആരെയാണ് കുറ്റപ്പെടുത്തുവാനോ ശിക്ഷിക്കുവാനോ പറ്റുക? പൊടകൊട കഴിഞ്ഞ് രണ്ട് കൊല്ലം കഴിഞ്ഞിട്ടും ചെല്ലക്ക് വയറ്റിൽ കരു പിടിച്ചില്ല. എല്ലാ മാസവും പതിവു തെറ്റാതെ എത്തുന്ന തീണ്ടാരിയോടനുബന്ധിച്ചുള്ള അടിവയർ വേദനയുടെ കാര്യം സഹിക്കാൻ വയ്യാതായപ്പോൾ മാത്രമാണ് അവൾ മായപ്പനോട് ഗൗരവത്തോടെയും അതിലുപരി സങ്കടത്തോടെയും അവതരിപ്പിക്കുന്നത്. അങ്ങിനെയാണവർ ചിറ്റിലഞ്ചേരിയിലെ പേരുകേട്ട കുഞ്ഞുണ്ണിവൈദ്യരെ കാണാൻ തീരുമാനിച്ചത്. വൈദ്യർക്ക് ജ്യോത്സ്യവും വശമുള്ള കാരണം കുട്ടികളുണ്ടാകാത്തതിന്റെ കാരണവും കൂടി സംസാരിക്കാനായിരുന്നു പരിപാടി. അവർ വൈദ്യശാലയിലെത്തിയപ്പോൾ രണ്ടു രോഗികൾ വൈദ്യരെ കാണാൻ അവിടെ ഇരിപ്പുണ്ടായിരുന്നു. അവർ പോയ ശേഷം മായപ്പനും ചെല്ലയും വൈദ്യരുടെ മുറിയിലേക്ക് കയറി. വയറുവേദനയുടെ കാര്യവും കുട്ടികളുണ്ടാകാത്ത കാര്യവും വൈദ്യനു മുമ്പിൽ വേണ്ടവിധം ശോകം പുരട്ടി അവതരിപ്പിച്ചു. നാഡി പരിശോധനയും നാക്കുപരിശോധനയും കഴിഞ്ഞ് വാതം, പിത്തം, കഫം ഇത്യാദികൾ കുഴപ്പമില്ലാത്ത അവസ്ഥയിലാണെന്ന നിഗമനത്തിൽ വൈദ്യർ തെല്ലിട മൗനിയായി മാറത്ത് കൈ പിണച്ചുവെച്ച് ധ്യാനിച്ചു. മുമ്പിലെ മരപ്പലകയിൽ വെച്ചിരുന്ന കവിടികൾ പകുത്ത് അതിലെ ഓരോ കളങ്ങളിൽ വെച്ച് എന്തോ മനസ്സിലായപോലെ ഗൗരവം പൂണ്ടു. ശേഷം ഒരു വെളിപാട് പോലെ പ്രഖ്യാപിച്ചു.

''പേടിക്കണ്ട. ഒറ്റ ദിവസം കൊണ്ടന്നെ ഞാനദ് മാറ്റിത്തരാ.. ദ് ഒരു വിഘ്നമായി ഞാൻ കാണണു. അതോണ്ടാണ് വേദന. അതിന് മുമ്പ് വിഘ്നകാരൻ ആരാണന്ന് കണ്ടുപിടിക്കണം.'' എന്ന് പറഞ്ഞ് വൈദ്യൻ അവർക്ക് മനസ്സിലാകാത്ത ഭാഷയിൽ എന്തൊക്കെയോ മന്ത്രങ്ങൾ ചൊല്ലി. കൈവിരലുകളിൽ ചില കണക്കുകൾ കൂട്ടി. ചെല്ലയുടെ ഉദരത്തിലെ വിഘ്നകാരനെ കണ്ടെത്തിയപോലെയുള്ള അയാളുടെ തലയാട്ടലും ശരീരഭാഷയും അവർക്ക് തെല്ലിട ആശ്വാസം നൽകി.

എന്നാൽ ആരാണ് വില്ലൻ എന്ന കാര്യം രഹസ്യമായി തന്നെ വെച്ചുകൊണ്ട് അതു പറയേണ്ട കാര്യം ഇപ്പോളില്ല എന്ന് മാത്രം അവരോട് പറഞ്ഞു. ചുമരിലെ മരപ്പലകകളിൽ ഒന്നിൽ നിന്നും എടുത്ത കുപ്പിയിലെ വെള്ളം ഒരു ചെമ്പു കൂജയിൽ നിറച്ചു. വീണ്ടും നേരിയ ശബ്ദത്തിൽ മന്ത്രിച്ചുകൊണ്ട് രണ്ട് മരുന്നു ചെടികളുടെ വേരുകൾ പൊട്ടിച്ചെടുത്ത് ആ വെള്ളത്തിൽ നനച്ച് ചെല്ലയോട് അത് കടിച്ചിറക്കുവാൻ പറഞ്ഞു. കൂജയിലെ വെള്ളം കുടിക്കാനും ആവശ്യപ്പെട്ടു. ലേശം ചവർപ്പുണ്ടായിരുന്നെങ്കിലും അവൾ എങ്ങിനെയോ അകത്താക്കി വെള്ളം കുടിച്ചു. ആ പ്രയോഗത്തിനു ശേഷമാണ് മായപ്പൻ ആദ്യമായി അച്ഛനും ചെല്ല അമ്മയുമായത്. ആ കുട്ടി ജീവിച്ചിരുന്നത് കഷ്ടിച്ച് രണ്ട് മാസം മാത്രം. പിന്നീട് ജനിച്ച കുട്ടി നാലുമാസവും ജീവിച്ച്, കുറച്ചുമാസം മുമ്പാണ് എന്നെന്നേക്കുമായി കണ്ണടച്ചത്.

പണിയെടുത്ത് ഉറച്ച ശരീരവും പൂർണ്ണ ആരോഗ്യത്തിന്റെ ഉടമകളും ആയിരുന്നു അവർ. എന്നിട്ടും കുഞ്ഞുങ്ങൾ അകാലമരണം പ്രാപിക്കുന്നതിന്റെ രഹസ്യം തേടിയാണ് അവർ വീണ്ടും കുഞ്ഞുണ്ണി വൈദ്യരെ കാണാൻ വന്നത്. പഴയകാര്യങ്ങൾ മറന്നിട്ടില്ലാത്ത അയാൾ അവരെ സമാധാനിപ്പിച്ചുകൊണ്ട് പറഞ്ഞു.

''അതെ. അത് എനിക്കറിയണകാര്യം തന്നെ. അന്നത് നിങ്ങളെന്റെടുത്ത് നേരെ ചൊവ്വെ പറഞ്ഞില്ല്യാന്നുള്ളത് ശരി തന്നെ. ഈ ബാധയെ ഒഴിപ്പിക്കണത് റിസ്ക് പിടിച്ച പണ്യേണ്. ഇത്തിരി പെശക്യാവല്ല്യ മാരണം വരും. നിങ്ങൾ മനക്കലെ ശങ്കരൻ തിരുമേനിയെ ഒന്ന് കണ്ട് നോക്കിൻ.''

വെള്ളിയാഴ്ച അസ്തമയത്തിനു മുമ്പ് കുളിച്ച് നെറ്റിയിൽ ഭസ്മക്കുറിയും കുങ്കുമപ്പൊട്ടും തൊട്ട് പുരാണത്തിൽ നിന്നും ഇറങ്ങിവരുന്ന ഏതോ ഇതിഹാസപുരുഷനെ പോലെ ശങ്കരൻ തിരുമേനി മായപ്പന്റെ വീട്ടിലെത്തി. അവിടെ അയൽക്കാരും നാട്ടുകാരുമെല്ലാം ആകാംക്ഷയോടെ നിന്നിരുന്നു. അവരോട് കുശലം പറഞ്ഞ് തിരുമേനി ഒരു പായ വിരിച്ച് നിലത്ത് ചമ്രം പടിഞ്ഞിരുന്നു. വിളക്കു കത്തിച്ചു. മന്ത്രജപങ്ങളോടെ മഞ്ഞളും കുങ്കുമവും ഭസ്മവും കൊണ്ട് മൂന്ന് കളങ്ങൾ വരച്ചു. വെറ്റിലയിൽ എണ്ണ തേച്ചു പിടിപ്പിച്ചു. അത് വിളക്കിനു മേലെ കുറച്ചുനേരം പിടിച്ചു. വെറ്റിലയിൽ കറുത്ത നിറത്തിൽ ഒരു മൂടൽ രൂപപ്പെട്ടു. വീണ്ടും നടുവിരലിൽ എണ്ണ കോരി വെറ്റിലയിൽ തേച്ചുപിടിപ്പിച്ചു. ഭയവും ആകാംക്ഷയും വലകെട്ടിയ മുഖത്തോടെ ചെല്ലയും മായപ്പനും ഈ ക്രിയകൾ ഭക്ത്യാദരപൂർവ്വം നോക്കിയിരുന്നു. തിരുമേനി ആ വെറ്റിലയിൽ സൂക്ഷ്മമായി നോക്കി ഉറക്കെ വിളിച്ചുപറഞ്ഞു.

''മറഞ്ഞിരിക്കുന്ന ആരായാലും മറനീക്കി പുറത്തുവരണം. ഞാനാരാണെന്നറിയോ? മൂന്നു ലോകത്തും പോയി തപ്പി നിന്നെ ഞാൻ പൊറത്ത് കൊണ്ടുവരും. ഇതിന്റുള്ളീന്ന് നീ പൊറത്ത് പോകാന്ന് വിജാരിക്കണ്ട. ഞാൻ തളച്ചു കഴിഞ്ഞിരിക്കുണു.''

പേടികൊണ്ടും ആശങ്ക കൊണ്ടും വിളർത്തിരിക്കുന്നചെല്ലയുടെ കാതിൽ തിരുമേനി എന്തോ മന്ത്രിച്ചു. ആലില പോലെ വിറക്കുന്ന അവളുടെ കയ്യിലേക്ക് ആ വെറ്റില വെച്ചുകൊടുത്ത് അതിലേക്ക് സൂക്ഷിച്ചു നോക്കുവാൻ പറഞ്ഞു.

''വിളിച്ചുപറയ്. ആരുടെ മുഖമാണ് നീ ഇതിൽ കാണണതെന്ന് ഒറക്കെ വിളിച്ച് പറ. നെന്റെ മക്കളെ കൊന്ന ദുഷ്ടന്റെ പേര് ഈ നിക്കണ ആൾക്കാരൊക്കെ കേക്കട്ടെ.'' ഘനഗംഭീരമായ സ്വരത്തിൽ തിരുമേനിയുടെ കൽപന ഉയർന്നു.

''അപ്പൻ''.. വെറ്റിലയിലേക്ക് സൂക്ഷിച്ചുനോക്കി ഒരു അലർച്ചയോടെ ചെല്ല മോഹാലസ്യപ്പെട്ട് പുറകിലേക്ക് ചാഞ്ഞു.

അപ്പൻ പറഞ്ഞ പ്രകാരം മായപ്പന്റെ അമ്മാവന്റെ മകളെ കെട്ടാതെ ചെല്ലയുമായി പ്രണയവിവാഹം രജിസ്റ്റർ ചെയ്തതുമുതൽ തുടങ്ങിയ അപ്പന്റെയും മകന്റെയും സ്പർദ്ധ, അപ്പൻ വീടുവിട്ടു പോകുന്നതിലേക്കും ശ്രുതുതയിലേക്കും കൊലവിളിയിലേക്കും നീണ്ടകാര്യം നാട്ടുകാർക്ക് തുറന്ന പുസ്തകമായിരുന്നു. ഇത് സാദ്ധ്യമാണോ? ഇപ്രകാരം ഒന്ന് സംഭവിക്കുമോ? മായപ്പന്റെ വാക്കുകൾ പുറത്ത് വരാതെ അരിവാൾ കൊണ്ട് അരിഞ്ഞിട്ട കുടൽമാല മണ്ണിൽ കിടന്നുരുണ്ട് ചെളിപറ്റിയ പോലെ അകത്ത് തന്നെ കിടന്നു. മനുഷ്യന്റെ ഉള്ള് നിഗൂഢവും വന്യവുമായ പ്രദേശമാണ്. അവിടെ നടക്കുന്ന കാര്യങ്ങൾ അപരർക്ക് അന്യമായിരിക്കുമല്ലോ. കരപ്രമാണി പരമേശ്വരൻ നായരുടെ കൃഷിയുടെയും തോട്ടത്തിന്റെയും മേൽനോട്ടമാണ് മായപ്പന്റെ അപ്പൻ പഴണാണ്ടിയുടെ ജോലി. മായപ്പന്റെ ജനനത്തോടെയാണ് അമ്മ പ്രസവത്തോടടുപ്പിച്ചുണ്ടായ രക്തവാർച്ചയെ തുടർന്ന് മരിച്ചത്. പിന്നീട് അപ്പനാണ് മായപ്പനെ വളർത്തി വലുതാക്കിയത്. മാരിയമ്മൻ കോവിലിൽ പ്രധാന പൂജകൾക്കെല്ലാം കണ്ടാകർണ്ണൻ തുള്ളുന്നത് മായപ്പന്റെ അപ്പൻ പഴണാണ്ടിയാണ്. പൊതുവെ മിതഭാഷിയായ പഴണാണ്ടി കണ്ടാകർണ്ണൻ ആവാഹിച്ച് ഉറഞ്ഞുതുള്ളുമ്പോൾ അതിഭീകരമായ പരകായപ്രവേശത്തിന്റെ പാരമ്യതയിലെത്തും. ദേശക്കാരെല്ലാ ഭയഭക്തി ബഹുമാനത്തോടെ അയാളുടെ മുമ്പിൽ ഓച്ചാനിച്ചു നിന്ന് അനുഗ്രഹം വാങ്ങും.

''ഇത് ഒരിക്കലും സംഭവിക്കില്ല്യ. പാവം പഴണാണ്ടി. അവനെ എനിക്ക് ശരിക്കറിയാം. അവനെ പോലെ ഒരു സാധു ഈ നാട്ടിൽ വേറെ ഇല്ല്യ. കണ്ണീകണ്ട തോന്ന്യാസം പറയാനും ചെയ്യാനും ഞാൻ സമ്മതിക്കില്ല്യ.''

ചുറ്റും നിന്നവരുടെ ഇടയിൽ നിന്ന് ബ്രാഞ്ച് സെക്രട്ടറി രാജേഷ് മാഷ് വിളിച്ചു പറഞ്ഞു. അത്യാവശ്യം ആഭിചാര ക്രിയകൾ നടത്തുന്ന പഴണാണ്ടിയോട് വൈദ്യൻ തൊഴിലധിഷ്ഠിതമായ ഒരു അനിഷ്ടം ഉണ്ടെന്നും വൈദ്യനും തിരുമേനിയും തമ്മിൽ ചില കൊടുക്കൽ വാങ്ങലുകൾ ഉണ്ടെന്നും ഈ അവസരം അവർ തന്ത്രപൂർവ്വം മുതലെടുക്കുകയാണെന്നും മാഷിന് നന്നായറിയാം. ദേശത്തെ എല്ലാ കാര്യങ്ങളിലും ആശയപരമായി അവർ രണ്ടുപേരും ഒരേ നിലപാടുതറയിൽ ചവിട്ടി നിൽക്കുന്നവരാണെന്നും അറിയാം.

''എന്തുകൊണ്ട് ആയിക്കൂടാ? അവനെ ഇനിയും ഇങ്ങിനെ കയറൂരി വിട്ടുകൂടാ. കാര്യം പച്ചവെള്ളം പോലെ വ്യക്തമാണ്. നെണക്ക് മാത്രം എന്താത്ര സംശയം?'' യോഗം പ്രസിഡന്റ് സെക്രട്ടറിക്ക് നേരെ ചൊടിച്ചു.

''എന്താച്ചാ ഇതെല്ലാം തട്ടിപ്പാണ്. അതന്നെ.''

''അപ്പൊ തിരുമേനി കണ്ടതോ?''

''തിരുമേനി ഒന്നും കണ്ടിട്ടില്ല. എല്ലാം നൊണ.''

''ചെല്ലയും കണ്ടല്ലോ. ഇല്ലേ?''

''ഹൈ! അവൾടെ മാനസികനില തകരാറിലാണെന്നേയ്.. നിങ്ങ എന്ത് പറഞ്ഞാലും ഇപ്പളവൾ വിശ്വസിക്കും. അതാ കണ്ടീഷൻ.''

''പിന്നെ അതൊക്കെ പറയാൻ നീ ആരണ്ടാ പ്രാന്തിന്റെ ഡോക്ടറോ?''

അയാളുടെ വാക്കുകളിൽ പുച്ഛം ഫണം നിവർത്തി നിന്നു. തർക്കം മൂത്ത് കയ്യാങ്കളിയിലേക്ക് നീളുമെന്നായപ്പൊൾ പ്രസിഡന്റിന്റെ ശിങ്കിടി അവരെ പിടിച്ചു മാറ്റി സംഘർഷം ഒഴിവാക്കിയെങ്കിലും കൂടി നിന്നവർ ചേരിതിരിഞ്ഞ് പഴണാണ്ടിക്കെതിരായ ഗൂഢാലോചനയിലും ന്യായീകരണത്തിലും മുഴുകി. അതിനിടയിൽ അവിടെ നിന്നും അപ്രത്യക്ഷനായ മാഷ് ജില്ലാ കമ്മറ്റി മെംബർ കണ്ടമുത്തനെ വിളിച്ച് കാര്യങ്ങളുടെ ഏകദേശരൂപം അവതരിപ്പിച്ചു. പഴണാണ്ടിയെ ഭവാനിപ്പുഴയുടെ അക്കരെയുള്ള കണ്ടമുത്തന്റെ വീട്ടിലേക്ക് മാറ്റി. പുഴ കടക്കാനുള്ള ഒരേ ഒരു വഞ്ചി മെംബറുടെ കടവിലാണ് കെട്ടിയിട്ടിരുന്നത്. അതുകൊണ്ട് കണ്ടമുത്തന്റെ വീട്ടിൽ അക്കരെ നിന്ന് ആരെങ്കിലും വന്ന് ഇടപെടാനുള്ള സാധ്യത തുലോം കുറവായിരുന്നു. കഠിനഹൃദയനും കാർക്കശ്യക്കാരനുമായ കാരണം ഒട്ടേറെ ശത്രുക്കളെ മെംബർ സമ്പാദിച്ചിരുന്നു.

''എന്തായാലും പഴണാണ്ടി ഇവിടെയുള്ള കാര്യം ഇരുചെവിയറിയരുത്.''കാര്യങ്ങളുടെ കിടപ്പ് കണ്ട് കണ്ടമുത്തൻ പറഞ്ഞു.

''എത്രനാൾ നമുക്കിയാളെ ഇവിടേ ഒളിപ്പിച്ചു വെക്കാൻ കഴിയും?'' മാഷ് സംശയം പ്രകടിപ്പിച്ചു.

''ഇതെല്ലാം കരുതിക്കൂട്ടിയുണ്ടാക്കിയ ഒരു അജണ്ടയാണെന്ന് ആളുകൾ തിരിച്ചറിയും വരെയെങ്കിലും''

''പൊതുജനം എന്നെങ്കിലും ശരിയും തെറ്റും മനസ്സിലാക്കാതിരിക്കില്ല.'' മാഷ് സ്വയം സമാധാനിച്ചു.

പഴണാണ്ടി തന്റെ സ്വപ്നസുരഭിലമായ ദാമ്പത്യജീവിതത്തിലേക്ക് അബോധപൂർവ്വം പിൻനടന്നു. എല്ലാവർക്കും ഭൂതകാലം പ്രിയതരമാകുന്നതും അല്ലാതാകുന്നതും അവരുടെ അനുഭവങ്ങൾ മുൻനിറുത്തിയാണ്. അന്നു കണ്ട ലോകം ഇട്ടാവട്ടത്തിൽ ഉള്ളതാകാം. പക്ഷെ നിറങ്ങൾ നിറഞ്ഞതായിരുന്നു. ഒരാൾ തന്റെ ഓർമ്മകളിൽ സൂക്ഷ്മമായ പരിശോധനകൾ നടത്തുമ്പോഴാണ് അയാൾക്ക് താൻ ഉപേക്ഷിച്ചു പോന്ന ഇടങ്ങളിലെ ദൃശ്യങ്ങളോരോന്നായി കാണാൻ തുടങ്ങുക. പിന്നീടൊരിക്കലും ഓർമ്മയായി തിരിച്ചുവരുമെന്ന് അറിയാതെ കളഞ്ഞവയിൽ നിന്ന് എന്തെല്ലാമാണ് തെളിഞ്ഞുവരുന്നത്? അതിൽ വേദനകളും സന്തോഷങ്ങളും അപമാനങ്ങളും അഭിമാനങ്ങളും കൂടിക്കലർന്നു കിടപ്പുണ്ടാകുമെന്ന് മാത്രം. ആലോചനകളിൽ മുഴുകിയിരുന്ന പഴണാണ്ടി പെട്ടെന്ന് എഴുന്നേറ്റുകൊണ്ട് മാഷോടും മെംബറോടും പറഞ്ഞു.

''അതെ. ഞാൻ ദുഷ്ടനായ കണ്ടാകർണ്ണനാണ്. സ്വന്തം മകന്റെ കുട്ടികളെ ഇല്ലാതാക്കിയ ക്രൂരൻ. അങ്ങിനെയല്ലെ ആ പ്രമാണിമാർ പറഞ്ഞുണ്ടാക്കിയിരിക്കുന്നത്! അവന്റെ അമ്മ മരിച്ചതിൽ പിന്നെ അവനെ പൊന്നു പോലെ നോക്കിയവനല്ലെ ഞാൻ? അന്നുകാലത്ത് ഈ പറഞ്ഞവർ തന്നെയല്ലെ ഞാൻ അവന്റെ അപ്പനും അമ്മയുമാണെന്ന് പറഞ്ഞുനടന്നിരുന്നത്? എനിക്ക് അവനെ ഇപ്പ തന്നെ കാണണം. അവന്റെ കുട്ടികളെ ഇല്ലാതാക്കിയത് ഞാനാണെന്ന് അവന്റെ വായിൽ നിന്നന്നെ കേക്കണം.''

''നീ വെറുതെ ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. സമാധാനിക്ക്.. ധൈര്യവും സാഹസികതയുമല്ല, ബുദ്ധിയും വിവേകവുമാണ് ചില സാഹചര്യങ്ങളെ നേരിടാൻ നല്ലത്.''

കണ്ടമുത്തൻ അയാളെ തോളിൽ പിടിച്ച് ഇരുത്തി. പഴണാണ്ടിയുടെ തലയിൽ കടന്നൽക്കൂടിളകിയതുപോലെ വികാരങ്ങൾ തിരമാലകളുയർത്തി. അയാൾ വീടിനു പുറത്തിറങ്ങി പുഴയുടെ നേരെ നടന്നു. പുഴയൊഴുക്കിന്റെ ശബ്ദം രാത്രിയിലെ തവളകളുടെയും മണ്ണട്ടകളുടെയും കരച്ചിലുകളെ വിഴുങ്ങി. കരകവിഞ്ഞൊഴുകുന്ന പുഴയിലേക്ക് ഒരു ഭ്രാന്തനെ പോലെ എടുത്തുചാടി. പെരുമഴ പെയ്തിറങ്ങുന്ന പുഴയിൽ അയാൾ കമിഴ്ന്നും മലർന്നും വളരെ നേരം നീന്തി അക്കരെയെത്തി. കിതപ്പുകൊണ്ടും ശരീരവേദനകൊണ്ടും എഴുന്നേറ്റു നിൽക്കാൻ പറ്റാതെ കുറെ നേരം പുഴയോരത്തെ ചേറിൽ കിടന്നു. അയാൾ വളരെ ക്ഷീണിതനായും അസ്വസ്ഥനായും വിചാരപ്പെട്ടു. തന്റെ നെഞ്ചുകീറി ചങ്കെടുത്ത് കാട്ടി മകനോട് പറയണം. നോക്ക്.. ഇതിനിപ്പോഴും സ്നേഹത്തിന്റെ ചുവപ്പുനിറമാണ്. നാട്ടുകാർ പറയുന്നത് സത്യമാണെങ്കിൽ ഇത് കറുത്തിരിക്കില്ലേ? നിനക്ക് ഞാൻ പറയുന്നതിനെക്കാൾ വിശ്വാസം ആ ചെറ്റകൾ പറയുന്നതിലാണൊ? ഒന്നുമില്ലെങ്കിലും എന്റെ ചോരയല്ലെ നിന്റെ ഞരമ്പുകളിൽ ഓടുന്നത്? നിന്റെ മക്കളും എന്റെ മക്കളും എനിക്ക് ഒരുപോലെയല്ലേടാ? സാഹചര്യമല്ലെ എന്നെക്കോണ്ട് കണ്ടാകർണ്ണൻ കെട്ടിക്കുന്നത്?

പെരുമഴ തോർന്നിരുന്നു. ചന്ദ്രനും നക്ഷത്രങ്ങളുമില്ലാത്ത മേഘാവൃതമായ ആകാശം മുകളിലും അമാവാസിരാവിന്റെ ഇരുട്ടും നിശ്ശബ്ദതയും താഴെയും അയാൾക്ക് കൂട്ടിരുന്നു. കുറെ നേരത്തിനു ശേഷം അയാൾ കൈകൾ നിലത്തുകുത്തി എഴുന്നേറ്റ് നിന്നു. കാലുകൾക്ക് ബലക്ഷയം അനുഭവപ്പെട്ടു. രണ്ടടി നടന്നപ്പോൾ വേച്ച് വീണുപോയി. പിന്നെയും എഴുന്നേറ്റു നടന്നും വീണും യാത്ര തുടർന്നു. തുടർച്ചയായുള്ള ഓരോ വീഴ്ച്ചയിലും ചെളിയിലും ചേറിലും കുതിർന്ന ശരീരത്തിന്റെ പല ഭാഗങ്ങളിലും മുറിവു പറ്റി. വായുടെ കോണിൽ നിന്നും രക്തം പൊടിഞ്ഞിറങ്ങി. വഴിയിലെ കൈതമുള്ളുകൾ ശരീരത്തിൽ കുത്തിക്കയറുന്നതും അതുമൂലമുണ്ടാകുന്ന വേദനയും അയാൾ അറിഞ്ഞതേയില്ല. ശൂന്യത പെയ്തിറങ്ങുന്ന ഹൃദയവുമായി അയാൾ മായപ്പന്റെ വീടിനു നേരെ നടപ്പ് തുടർന്നു.

കാറ്റിലും മഴയിലും വൈദ്യുതി വിച്ഛേദിക്കപ്പെട്ട മായപ്പന്റെ വീട്ടിൽ എമർജൻസി വിളക്ക് അതിന്റെ ധർമ്മം പരമാവധി നിർവ്വഹിച്ച് കണ്ണുകൾ ചിമ്മി. പകരം കൊളുത്തിയ മുട്ടവിളക്കിന്റെ മഞ്ഞച്ച വെളിച്ചത്തിൽ പേടി കൊണ്ട് രക്തം വാർന്ന ചെല്ലയുടെ മുഖം ഒന്നുകൂടി വിളർത്തു. മായപ്പൻ ചെല്ലയുടെ കിടക്കപ്പായക്കരികിൽ പലവിധ ചിന്തകളിൽ മുഴുകി ഉറക്കം കിട്ടാതെ ഞെളിപിരി കൊണ്ടു. ഭയത്താൽ മിണ്ടാട്ടം മുട്ടിയ അവളുടെ ഉറക്കം കയ്യൊഴിഞ്ഞ മിഴികൾ ഓല മേഞ്ഞ മേൽക്കൂരയിലേക്ക് തുറിച്ചു നോക്കിക്കൊണ്ടിരുന്നു.. ചെറിയ ശബ്ദം കേൾക്കുമ്പോൾ പോലും ഞെട്ടിയുണർന്ന മായപ്പന്റെ കൈകളിൽ ഒരു മുയൽക്കുഞ്ഞിനെ പോലെ ഒതുങ്ങി. ഉടുക്കാക്കുണ്ടികളായ എണ്ണമറ്റ ഉണ്ണികൾ തനിക്കു ചുറ്റും ഓടിക്കളിക്കുന്നതായും ഒരാൾ പോലും തന്റെ മടിയിൽ ഇരിക്കാൻ വരാത്തതായും അവൾക്കു തോന്നി. അവൾ ഒന്നു കണ്ണടച്ചപ്പോൾ മായപ്പൻ തലയിണക്കു കീഴെ ചെറ്റുകത്തിയും വെച്ച് കണ്ണടക്കാൻ വിഫലശ്രമം നടത്തി. മുനിഞ്ഞുകത്തിയിരുന്ന മുട്ടവിളക്കിൽ നിന്നും പുകച്ചുരുളുകൾ മൺചുമരിനു മുകളിൽ കൂടി പുറത്തേക്ക് പോകാൻ തിരക്കിട്ടെങ്കിലും ഏതോ അതൃപ്തമായ ആത്മാവിന്റെ സാന്നിദ്ധ്യം പോലെ ഒരുപാടു നേരം മുറിക്കുള്ളിൽ തങ്ങിനിന്നു.

പുറത്തുനിന്നും വെള്ളത്തിൽ കുതിർന്ന കരിയിലകൾക്കുമേൽ ആരോ നടന്നുനീങ്ങുന്ന കാലടിശബ്ദം മായപ്പൻ വ്യക്തമായി കേട്ടു. ആ ശബ്ദം വീടിനു നേരെ അടുത്തടുത്തു വരുന്നതായും അയാളറിഞ്ഞു. മായപ്പൻ ചേറ്റുകത്തി കയ്യിലെടുത്ത് വാതിലിനു നേരെ നീങ്ങി. ഇടംകൈ കൊണ്ട് വാതിൽ പതുക്കെ തുറന്നു. മുട്ടവിളക്കിന്റെ നേരിയ വെളിച്ചം പുറത്തേക്ക് പ്രസരിച്ചു. മുമ്പിൽ കണ്ട കാഴ്ചയിൽ മായപ്പൻ സ്തബ്ധനായി. അവിടെ ചെളിയിലും ചോരയിലും മുങ്ങിയ പഴണാണ്ടിയുടെ രൂപം കണ്ട് ഭൂമിയിൽ വേരോടിയപോലെ മായപ്പൻ ചലനമറ്റു നിന്നു. പഴണാണ്ടി ചേറുപുരണ്ട, തന്റെ വിറക്കുന്ന രണ്ടുകൈകളും മുന്നിലേക്ക് വിടർത്തി പിടിച്ച് മകന്റെ അടുത്തേക്ക് നീങ്ങി. എല്ലാ നദികളും ഒഴുകിയെത്തുമ്പോഴും സീമകൾ ലംഘിക്കാത്ത അലകടൽ പോലെ അയാളിൽ സ്നേഹം തുളുമ്പി. വളരെ പണിപ്പെട്ട് എല്ലാ ശക്തിയും ആവാഹിച്ച് അയാൾ വിളിച്ചു.

''മകനേ മായപ്പാ..''

വാതിൽ തുറന്നപ്പോൾ അടിച്ചുകയറിയ തണുത്ത കാറ്റിൽ മുട്ടവിളക്ക് അണഞ്ഞു. സമനില തെറ്റിയ മായപ്പൻ പേടികൊണ്ടും പരിഭ്രമം കൊണ്ടും ഉറക്കെ നിലവിളിച്ചു പോയി. അടുത്ത നിമിഷം അയാളുടെ കയ്യിലെ ചേറ്റുകത്തി ആ രൂപത്തിനു നേർക്ക് പലവട്ടം ഉയർന്നുതാണു. ■

KNSS Samskarika Vedi

1st Prize Winning Malayalam Poem in the literary Competitions conducted by Samskarika Vedi (2025-26)

അമ്മ - ഒരു പേരിനപ്പുറം

Arun S. Nair
Kothanur Karayogam

അമ്മ ആരെന്നു അറിയുന്നു ഞാൻ–
അവൾ ഒരു സ്ത്രീ മാത്രമല്ല, ഒരു പേരുമല്ല;
ഒരു പ്രതീകമെന്നതിലും അപ്പുറം,
പ്രതിധ്വനിക്കുന്ന ജീവസത്യം.

സ്ത്രീയുടലും സ്ത്രീഹൃദയവും ലയിച്ച
ഒരു ദീപ്തജീവപ്രകാശം അവൾ;
പുറത്ത് ശാന്തതയുടെ നീലാകാശം,
അകത്ത് കൊടുങ്കാറ്റിന്റെ കടൽച്ചുഴി–
നിശ്ശബ്ദമായി ജ്വലിക്കുന്ന തീജ്വാല.

വേഷങ്ങൾ മാറി...
മകളായി, ഭാര്യയായി, അമ്മയായി;
കാലം മുന്നേറുമ്പോഴും
അവളുടെ ഹൃദയം മാറാതെ–
കരുതലിന്റെ അതേ സ്പന്ദനം.

പുത്രവിരഹിത യശോദ,
പുത്രമോഹിത കുന്തി,
പുത്രാന്ധ ഗാന്ധാരി,
പുത്രകാമിത ജോക്കസ്താ–
സ്നേഹവും മോഹവും ലോഭവും കാമവും ചേർന്നു
മാതൃത്വം – പ്രകാശവും നിഴലുമായി..

എനിക്കവൾ–
സ്നേഹത്തിന്റെ രൂപം,
കരുതലിന്റെ ചൂടുതീരം;
അന്നത്തിന്റെ മാധുര്യം,
കിളിക്കൂജനത്തിന്റെ പ്രഭാതഗാനം,
ജീവിതഗുരുവായ ശാന്തധാര.

ഞാൻ തുടങ്ങിയത് അവളിൽ നിന്നു;
ഞാൻ ഉയരുന്നത് അവളാൽ.
എൻ ഓരോ ശ്വാസത്തിന്റെയും നാദം–
അവളുടെ സ്നേഹസ്പന്ദനം.

സാഹിത്യവേദി

കവിത

ഓണസ്മൃതി

പൊൻപുലരി തൻ പുഞ്ചിരിയാൽ ഭൂമി വീണ്ടും ഉണരവേ,
പൂക്കളത്തിൽ വിരിയുന്നു ബാല്യത്തിൻ മൗനഗീതം.

കാറ്റിലൊഴുകും ഓണക്കാലം കനവിൻ താളം മീട്ടിടും,
മണ്ണിൻ മണവും മനസ്സിന് നറും സ്നേഹമെന്നു ചൊല്ലിടും.

മാവേലിയുടെ മധുരസ്മിതം ഓർമ്മയായി പെയ്തിറങ്ങും,
മാനവഹൃദയ വീണയിൽ സമത്വരാഗം ഉണർത്തിടും.

കൈകോർത്തീടും ബന്ധുമിത്രർ കാലമതിൻ തീരം കടന്ന്,
കണ്ണീരിനും പുഞ്ചിരിക്കുമിടയിൽ ഓണം പാലം തീർത്തീടും.

സ്നേഹം മാത്രം സമ്പത്തെന്ന സത്യവാക്യം മൊഴിയിടുവാൻ,
ഓരോ വാതിലും വിളക്കുതെളിച്ച് പ്രത്യാശ വീണ്ടും പൂത്തിടും.

ഓർമ്മകൾ പൂവായ് വിരിയുമ്പോൾ ഓരോ ഹൃദയമുറ്റത്തും,
ഓണമെന്ന നിത്യവസന്തം അനശ്വരമായി വാഴട്ടെ.

കൃഷ്ണപ്രസാദ് എം.വി.
സദാശിവനഗർ കരയോഗം

Advocate and Legal Consultant

Happy Onam

Adv.Anushree Menon MA., LLm
Advocate and Legal consultant
Practising in Supreme Court, High court of Karnataka
and Family courts Bangalore
(Specialisation in Divorce, Child custody,
Maintainance and Domestic violence cases)
Of f@: No.35, Skanda
19th cross, Bagalagunte, Nagasandra post
Bangalore : 560073
Mobile No. 7676017070

KNSS Karayogam News

BANASHANKARI

BELLARI

കെ.എൻ.എസ്സ്.എസ്സ്. ബെല്ലാരി കരയോഗത്തിന്റെ ആറാമത് എ.ജി.എം.–2026, ജൂൺ 28–ാം തീയതി ഞായറാഴ്ച രാവിലെ 11 മണിക്ക് നഗരത്തിലെ 'ഹോട്ടൽ ക്രിതുംഗ'യിൽ വച്ച് വർണ്ണാഭമായ ചടങ്ങുകളോടെ ആചരിക്കുകയുണ്ടായി. ആചാര്യന്മാരുടെ ഭാവചിത്രത്തിന് ആദരവ് നൽകി. ആചാര്യ വന്ദനത്തോടുകൂടി ചടങ്ങുകൾക്ക് പ്രാരംഭം കുറിച്ചു. കരയോഗം വൈസ് പ്രസിഡന്റ് ശ്രീ. ഗോപിനാഥൻ നായർ അവർകളുടെ അദ്ധ്യക്ഷതയോടെ അവതാരക കുമാരി സരയൂ ആർ. സുഭാഷ് എല്ലാ ഗണ്യവ്യക്തികളേയും വേദിയിലേക്ക് ക്ഷണിക്കുകയുണ്ടായി. എം.ജി.എം.ന്റെ നിരീക്ഷകരായി ബോർഡ് നിർദ്ദേശിച്ച ശ്രീ മണിദാസൻ അവർകളുടെ അഭാവത്തിൽ ഹോസ്പെറ്റ് കരയോഗം സെക്രട്ടറി ശ്രീ. കൃഷ്ണകുമാർ, കരയോഗത്തിന്റെ ഭാഗമായ ബോർഡ് മെമ്പർ ശ്രീ. ബാബുരാജ് വി.ജി., സെക്രട്ടറി ശ്രീ. എം. ശശാങ്കൻ, ട്രഷറർ ശ്രീ. സുഭാഷ് ആർ. നായർ വേദി അലങ്കരിച്ചു. തുടർന്ന് ബെല്ലാരി കരയോഗം ആക്ടിംങ് പ്രസിഡന്റ് ആയിരുന്ന അന്തരിച്ച ശ്രീ. പി.കെ.എസ്. നായർ അവർകളുടെ ആത്മശാന്തിക്കായ് എല്ലാ അംഗങ്ങളും 2 മിനിറ്റ് മൗനം ആചരിച്ചു. സെക്രട്ടറി ശ്രീ. എം. ശശാങ്കൻ കഴിഞ്ഞ വർഷകാലത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം ട്രഷറർ ശ്രീ. സുഭാഷ് ആർ. നായർ 2025–26–ലെ വരവ് ചെലവ് കണക്കുകൾ സഭയെ ബോധിപ്പിച്ചു. സഭ ഒന്നടങ്കം അനുമോദിക്കുകയുണ്ടായി.

